## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2113 | 07.07.2015-ലെ മറുപടിയ്ക്ക് |
|---|---|

### വിൽപ്പന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം നികുതിയിനത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ എത്ര രൂപയുടെ കുറവാണ് ഉണ്ടായത് ; | (എ) | വാണിജ്യ നികുതിയിനത്തിൽ 1288.63 കോടി രൂപയുടെയും എക്സൈസ് വരുമാനത്തിൽ 1430.29 കോടി രൂപയുടെയും മോട്ടോർ വാഹന നികുതിയിനത്തിൽ 436.06 കോടി രൂപയുടെയും കുറവുണ്ടായി. |
| (ബി) | സ്വർണ്ണം, റബ്ബർ, വാഹനം എന്നീ ഇനങ്ങളിലെ നികുതി വരുമാനത്തിൽ കാര്യമായ കുറവുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | സ്വർണ്ണം, റബ്ബർ, വാഹനം എന്നിവയിലെ നികുതി വരുമാനത്തിൽ കുറവുണ്ടായ സാഹചര്യം ചുവടെ ചേർക്കുന്നു.<br>**<u>സ്വർണ്ണം</u>**<br>സ്വർണ്ണത്തിന്റെ നികുതി പിരിവ് പ്രധാനമായും കോമ്പൗണ്ടഡ് ഡീലർ മാരിൽ നിന്നാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കോമ്പൗണ്ടിംഗ് നിരക്ക് 125 % ൽ നിന്നും 115 % മായി കുറച്ചു. അതിന് 2013-14 സാമ്പത്തിക വർഷം മുതൽ പ്രാബല്യം നൽകി. പ്രസ്തുത ഇനത്തിൽ 2013-14 സാമ്പത്തിക വർഷം അടച്ച നികുതി കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതിയിൽ നിന്ന് കുറച്ച് ബാക്കിയാണ് അടച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 31/03/2015 ലെ കണക്കനുസരിച്ച് ഈ ഇനത്തിൽ 4 % കുറവ് സംഭവിച്ചിട്ടുണ്ട്.<br><br>**<u>റബ്ബർ</u>**<br>റബ്ബറിന്റെ വില മുൻവർഷത്തെ 240 രൂപയിൽ ( കിലോഗ്രാമിന് )നിന്നും 120 രൂപ ( കിലോഗ്രാമിന് ) ആയി കുറഞ്ഞു. റബ്ബറിന്റെ വിലയിൽ വരുന്ന കുറവ് ജനങ്ങളുടെ വാങ്ങലിനെ പ്രതികൂലമായി ബാധിക്കും. ഇത് നികുതി വരുമാനത്തേയും ബാധിച്ചിട്ടുണ്ട്. 31/03/2015 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽ നിന്നുള്ള വരുമാനത്തിൽ 40 % കുറവ് ഉണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടായിരുന്നു.<br><br>**<u>വാഹനം</u>**<br><br>മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 % ത്തോളം വരും. പ്രസ്തുത ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. വാഹനങ്ങളുടെ വിൽപ്പനയിൽ ഉണ്ടായ കുറവാണ് ഇതിനുള്ള കാരണം . മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് കഴിഞ്ഞ വർഷം 31/03/2015 വരെ 1 ശതമാനം കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ചെറുകിട വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർ ബിൽ നൽകാത്തത് മൂലമുള്ള നികുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) | ചെറുകിട വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർ ബിൽ നൽകാത്തതുമൂലമുള്ള നികുതി ചോർച്ച തടയുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചെയിസ് നടത്തുന്നുണ്ട്. കൂടാതെ ബില്ല് നൽകുന്നുണ്ടോയെന്ന് വെരിഫിക്കേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. കട പരിശോധന , ആഡിറ്റ് വിസിറ്റ് എന്നിവയും നടത്തുന്നുണ്ട്. |
| (ഡി) | വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും ബിൽ നിർബന്ധമാക്കുവാനും ബിൽ നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാനും നിർദ്ദേശം നല്കുമോ ? | (ഡി) | വ്യാപാരസ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും ബിൽ നിർബന്ധമാക്കുവാനും ബിൽ നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാനും ഇപ്പോൾത്തന്നെ നിയമത്തിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ച് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

Rihem

സെക്ഷൻ ഓഫീസർ